# Holy Voice

## Parish Bullettin

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല
ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 6 ഡിസംബർ 2013

**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്സിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633


**എഡിറ്റോറിയൽ ബോർഡ്**
റവ. സി. ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

### പേജുകളിലൂടെ...

| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ഇടയശബ്ദം | 5 |
| ദൈവം നമ്മോടുകൂടെ | 9 |
| അമലോത്ഭവ മാതാവ് | 12 |
| വി. ഫ്രാൻസിസ് സേവ്യർ | 14 |
| ജാലകത്തിലൂടെ | 16 |
| ഒന്നുചായ്ക്കാനൊരിടം | 21 |
| കുടുംബസമ്മേളനങ്ങൾ | 23 |
| സഭാവാർത്തകൾ | 24 |
| ഉണ്ണീശോക്കെന്റെ സമ്മാനം | 25 |
| സ്നേഹാത്മരൂപൻ | 26 |
| പിന്നിട്ടലോകം | 27 |
| മതബോധനം | 28 |
| ക്രിസ്മത്സരം | 31 |
| ഇടവക ഡയറി | 32 |
| വെള്ളിയാഴ്ച ആചരണം | 33 |
| ഗുരുപറഞ്ഞ കഥ | 35 |
| ബൈബിൾ കലണ്ടർ | 36 |




ഹോളി വോയ്സ്
ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം
പാരിഷ് ബുള്ളറ്റിൻ
ഡിസംബർ 2013

# എഡിറ്റോറിയൽ



പ്രിയമുള്ളവരെ,

ലോകമെമ്പാടുമുള്ള മനുഷ്യർ ധനിക-ദരിദ്ര വ്യത്യാസമില്ലാതെ ആഘോഷിക്കുന്ന ആ സുദിനം - ക്രിസ്തുമസ് - ഒരിക്കൽകൂടി ആഗതമാകുന്നു. 2000 വർഷങ്ങൾക്കുമുമ്പ് ബത്‌ലഹമിൽ ഇല്ലായ്മകളുടെ നടുക്കടലിൽ, കാലിത്തൊഴുത്തിന്റെ ഒരു മൂലയിൽ രാജാധിരാജനായ ദൈവപുത്രൻ ഭൂജാതനായപ്പോൾ ഉയർന്നുകേട്ട ഈരടികളിൽ അവസാനവരികൾ ഇങ്ങനെയാണല്ലോ. "ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം." 20 നൂറ്റാണ്ടുകൾ കടന്നുപോയിരിക്കുന്നു. ലോകചരിത്രം തന്നെ ആ ശിശുവിന് മുമ്പും പിമ്പും എന്ന നിലയിൽ വിഭജിക്കപ്പെട്ടു. അന്നത്തെ സാമ്രാജ്യങ്ങൾ തകർന്നു തരിപ്പണമായി. കയ്യൂക്കിന്റെയും സമ്പത്തിന്റെയും ബലത്തിൽ ഉയർന്നുവന്ന പുതിയ സാമ്രാജ്യങ്ങളും ഇന്ന് കിതക്കുകയാണ്. എന്നാൽ കാലിത്തൊഴുത്തിൽ പിറന്ന ആ ശിശുവിന്റെ സ്നേഹസാമ്രാജ്യം വളർന്നുകൊണ്ടേയിരിക്കുന്നു. ആധുനിക മനുഷ്യർ ഇന്നും അന്വേഷിക്കുന്നതും അവന്റെ കാണാമറയത്ത് ഇരിക്കുന്നതുമായ ഒന്നുണ്ട്, "സമാധാനം." കൂടുതൽ സുഖസൗകര്യങ്ങൾക്കും സമ്പത്ത് ആർജിക്കുന്നതിനുമായി മനുഷ്യർ പരക്കം പായുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കൊച്ചുകേരളത്തിൽ പോലും ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിക്കുന്നതായി നാം കാണുന്നു. എന്നാൽ എത്ര സമ്പത്ത് ആർജിച്ചാലും നമ്മുടെ ജീവിതത്തിൽ സമാധാനമില്ലെങ്കിൽ ആ ജീവിതത്തിന് എന്ത് വിലയാണുള്ളത്? പുൽക്കൂട്ടിൽ പിറന്ന ഭൂലോക രക്ഷകനെ കാണുവാൻ ദൈവം ആദ്യം അവസരം ഒരുക്കിയത് സാധുജീവികളായ ആട്ടിൻപറ്റത്തെ മേയിച്ച് ജീവിതം തള്ളിനീക്കുന്ന ഒരു പറ്റം ആട്ടിടയരെ ആയിരുന്നു. സന്മനസ്സുകളുടെ ഉടമകളായിരുന്നു ആ ആട്ടിടയർ. നമ്മുടെ ജീവിതത്തിൽ യഥാർത്ഥ സന്തോഷവും ശാന്തിയും സമാധാനവും അനുഭവിക്കുന്നതിന് ഒരേയൊരു മാർഗ്ഗമേയുള്ളൂ. ജീവിതത്തിന്റെ ഒരോ നിമിഷവും ദൈവവേഷ്ടത്തിനായി സമർപ്പിക്കുക. നമ്മുടെ ഓരോ പ്രവർത്തികളും നമ്മെ ദൈവത്തോടടുപ്പിക്കുന്ന ചാലകശക്തികളായി വർത്തിക്കേണ്ടതുണ്ട്. അപ്പോൾ നമ്മുടെ മനസ്സ് സമാധാനപൂരിതമാകും. ആ സമാധാനം നമ്മെ ഭൂമിയിലെ യഥാർത്ഥ സമ്പന്നരും സംതൃപ്തരുമാക്കും. ഈ ക്രിസ്തുമസ് നമ്മൾ ആർഭാടമായി ആഘോഷിക്കുമ്പോൾ നാമറിയണം, മതിയായ ഭക്ഷണവും പോഷകാഹാരങ്ങളുമില്ലാതെ ഈ ഭൂമിയിൽ മരിച്ചുവീഴുന്ന ദശലക്ഷക്കണക്കിന് കുട്ടികളുണ്ടെന്ന്. ഈ ക്രിസ്തുമസ് ആഘോഷത്തിലൂടെ, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അനുകമ്പയുടേതുമായ പുതിയൊരു പിറവി നമ്മുടെ മനസ്സുകളിലുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം".

സ്നേഹപൂർവ്വം, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

ആഗതമാകുന്ന ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹ പൂർവ്വം ഞാൻ നേരുന്നു. സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും തിരുനാളാണ് ക്രിസ്തുമസ്സ്. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" എന്ന യേശുവിന്റെ ജനനമറിയിച്ചുകൊണ്ടുള്ള മാലാഖമാരുടെ സ്വർഗ്ഗീയ ദൂത് അതു തന്നെയാണ് വെളിപ്പെടുത്തുന്നത്. സൃഷ്ടിയുടെ മകുടമായി ദൈവഛായ യിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അനുസരണമില്ലായ്മയെന്ന പാപത്തിന്റെ അടിമയായപ്പോൾ അവന്റെ ദൈവിക മുഖം നഷ്ടപ്പെട്ടു. അവൻ തികച്ചും സ്വാർത്ഥനായി മാറി. ജീവിതത്തിന്റെ സന്തോഷവും, സമാധാനവും, സ്നേഹവും ഇല്ലാതായി. എന്നാൽ ദൈവം നിശ്ചയിച്ചത്, ദൈവമക്കൾ ഒരി ക്കലും ദൈവത്തിന്റെ മുഖം നഷ്ടപ്പെട്ടവരാകാൻ പാടില്ല എന്നതാണ്. അതു കൊണ്ടുതന്നെയാണ് പിതാവായ ദൈവം മനുഷ്യന്റെ പോരായ്മകൾ മറന്ന് മനുഷ്യമക്കളോടുള്ള സ്നേഹത്തിന് അതിർവരമ്പുകൾ സൃഷ്ടിക്കാതെ തന്റെ പ്രിയപ്പെട്ട മകനെ ഈ ലോകത്തിലേക്ക് അയച്ചത്. അത് പൂർത്തി യായതാണ് ദൈവത്തിന്റെ മനുഷ്യാവതാരം - ക്രിസ്തുമസ്സ്. വിശുദ്ധിയുടെ നിറകുടമായ പരിശുദ്ധ കന്യകാമറിയത്തിൽ നിന്ന് ബത്‌ലഹമിലെ കാലി ത്തൊഴുത്തിൽ ദാരിദ്ര്യത്തിന്റെ പരമകോടിയിൽ ഉണ്ണിയേശു ഭൂജാത നായപ്പോൾ ദൈവത്തിന്റെ വലിയ സ്നേഹത്തിന്റെ സാക്ഷാത്കാരവും സന്മ നസ്സുമാണ് നമുക്ക് കാണുവാൻ കഴിഞ്ഞത്. മനുഷ്യജീവിതത്തിന്റെ മഹ നീയതയും ശ്രേഷ്ഠതയുമാണ് യേശു തന്റെ തുടർ ജീവിതത്തിലൂടെ നമുക്ക് കാണിച്ചു തന്നതും ഇന്നും നമ്മെ ബോധ്യപ്പെടുത്തുന്നതും.

യേശുവിന്റെ ജനനം ബത്‌ലഹമിലെ ഒരു കാലിത്തൊഴുത്തിൽ ആയി രുന്നു. കന്നുകാലികൾ മാത്രമായിരുന്നു തിരുകുടുംബത്തിന്റെ കൂട്ടിനുണ്ടാ യിരുന്നത്. സഹായിക്കുവാൻ ആരുമില്ലാതെ നിസ്സഹായവസ്ഥയായിരുന്നു അവിടെ കാണുക. ഉണ്ണിയേശുവിനെ പുതപ്പിക്കുവാൻ കീറത്തുണികൾ മാത്രം. കിടത്തുവാൻ പുൽക്കൂട് മാത്രവും. പരിഭവമോ, പരാതിയോ ഇല്ലാതെ മറിയവും യൗസേപ്പും അനുഭവിച്ച ത്യാഗം എത്രയോ വലുത്. യേശുവിന്റെ ജനനത്തിന്റെ സദ്വാർത്ത ആദ്യം അറിയിക്കപ്പെട്ടതും കാണുവാൻ ഭാഗ്യം

ലഭിച്ചതും ആത്മാർത്ഥതയും നിഷ്കളങ്കതയും സ്വന്തമാക്കിയ സാധാരണക്കാരായ ആട്ടിടയന്മാർക്ക് ആയിരുന്നു.

ബത്‌ലഹമിൽ പിറന്ന ആ ദിവ്യതേജസ്സ് ഇന്ന് പലർക്കും അന്യമാണ്. കാരണം സ്നേഹത്തിന്റെ അഭാവത്തിൽ തിന്മകൾ പെരുകുന്നു. സ്വാർത്ഥതയുടെ പേരിൽ സ്വന്തം സുഖം മാത്രം അന്വേഷിക്കുന്നവരാകുന്നു ബഹുഭൂരിപക്ഷവും. എന്നാൽ, എത്രയോ പേർ ഒരു തുണ്ടു ഭൂമിക്കുവേണ്ടി കൊതിക്കുന്നു, കിടപ്പാടം കെട്ടുവാൻ വിഷമിക്കുന്നു, ഒരു നേരത്തെ ഭക്ഷണത്തിനായി അലയുന്നു, രോഗത്തിന്റെ വേദനയിൽ നീറുന്നു, പഠനത്തിനും വിവാഹത്തിനും സമ്പത്തില്ലാതെ പതറുന്നു, കടബാധ്യതകളിൽ ജീവിതം ദുസ്സഹമാകുന്നു. മദ്യം എന്ന മഹാവിപത്തിന്റെ നീരാളിപ്പിടുത്തത്തിൽ വേദനിക്കുന്നവരും ധാരാളം. ഇങ്ങനെയുള്ളവർക്ക് നന്മയുടെ വഴിവിളക്കാകുവാൻ നമുക്ക് കഴിയേണ്ടതല്ലേ? ദൈവസ്നേഹവും പരസ്നേഹവും മറന്ന് മനുഷ്യത്വം മരവിച്ച മനുഷ്യരെപ്പോലെ നമ്മൾ മുഖം തിരിച്ച് നിൽക്കുകയാണോ?

ക്രിസ്തുമസ് നമ്മെ ഓർമ്മപ്പെടുത്തുന്നത് മറ്റുള്ളവർക്കുവേണ്ടി യേശുവിനെപ്പോലെ സഹായമാകുവാനാണ്. എല്ലാ സഹനങ്ങളിലും തന്റെ പ്രിയ മാതാപിതാക്കളോടൊത്ത് പങ്കുചേർന്ന യേശുനാഥൻ - അപരന്റെ വേദനയിൽ ഹൃദയം നുറുങ്ങിയവൻ, സാന്ത്വനത്തിന്റെ കരസ്പർശം നൽകിയവൻ, തിന്മകൾക്കെതിരെ ആഞ്ഞടിച്ചവൻ, പാപത്തെ വെറുത്ത് പാപിയെ സ്നേഹിച്ചവൻ, മനുഷ്യമക്കൾക്കുവേണ്ടി സ്വയം ജീവൻ ബലിയായി നൽകിയവൻ - ഇതായിരിക്കട്ടെ നമ്മുടെ ജീവിതശൈലി. അങ്ങനെ യഥാർത്ഥ സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, സ്നേഹത്തിന്റയും സാക്ഷികളാകുവാൻ നമുക്ക് കഴിയട്ടെ. അങ്ങനെ യേശുവിന്റെ തിരുപ്പിറവി നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാകട്ടെ. യേശു നമ്മുടെ ഹൃദയത്തിൽ ജനിക്കട്ടെ.

എല്ലാവർക്കും ഒരിക്കൽക്കൂടെ ക്രിസ്തുമസ്സിന്റെ സന്തോഷവും പുതുവത്സരത്തിന്റെ മംഗളങ്ങളും സ്നേഹത്തോടെ നേരുന്നു.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ

യേശുവിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് മാളിയേക്കൽ**

വികാരി & റെക്ടർ

---

# കഴിഞ്ഞ ലക്കം ക്വിസ് മത്സരം സമ്മാനാർഹൻ

## റെമിൻ വിൻസെന്റ്



കൂനൻ വീട്,

വാ.മദർ തെരേസ യൂണിറ്റ്

ക്ലാസ്സ് XII

# ദൈവം നമ്മോടുകൂടെ





റവ. ഡോ. ജോജി കല്ലിങ്ങൽ,
ഡയറക്ടർ, പാക്സ്,
കല്ലേറ്റുംകര

**"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം" - (ലൂക്ക 2.14)**

മനുഷ്യരക്ഷയ്ക്കായി ദൈവം മനുഷ്യനെ തേടിയിറങ്ങിയ ചരിത്ര യാഥാർത്ഥ്യമാണ് ക്രിസ്തുമസ്. ആദിമാതാപിതാക്കളുടെ പാപം നിമിത്തം ദൈവത്തിൽ നിന്ന് അകന്ന് പോയ മനുഷ്യനെ രക്ഷിക്കാൻ തീരുമാനിച്ച ദൈവം മനുഷ്യരോടൊത്ത് വസിക്കാൻ ഭൂമിയിൽ അവതരിച്ചു. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം. (യോഹ 1:14) അതുകൊണ്ടാണ് മനുഷ്യാവതാരം ചെയ്ത ദൈവം "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് വിളിക്കപ്പെടുന്നത്. മനുഷ്യാവതാരമെന്ന ചരിത്ര മുഹൂർത്തത്തിന്റെ ഓർമ്മ തിരുനാളാണ് ക്രിസ്തുമസ്. ഈ ലോകത്തിലുള്ള സകല മനുഷ്യർക്കും പ്രതീക്ഷയും സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്ന ഒരു ഓർമ്മയാണത്. അതുകൊണ്ടുതന്നെയാണ് ക്രിസ്തുമസ് പ്രത്യാശയുടെ തിരുനാളെന്ന് അറിയപ്പെടുന്നത്. ലോകരക്ഷകൻ നമ്മുടെകൂടെയുണ്ടെന്ന വിശ്വാസമാണ് ഈ പ്രത്യാശയുടെ അടിസ്ഥാനം.

യേശുവിന്റെ തിരുപിറവിയെ കുറിച്ച് ഐസയാസ് പ്രവാചകൻ 752 വർഷങ്ങൾക്ക് മുൻപ് പറഞ്ഞത് ഇപ്രകാരമാണ്. "അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്ന വരുടെ മേൽ പ്രകാശം ഉദിച്ചു." (ഏശയ്യ:9:2) അന്ധകാരത്തിൽ നിന്ന് പ്രകാ ശത്തിലേക്കുള്ള തീർത്ഥാടനമാണ് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുമസ്. തമസോമ ജ്യോതിർഗമയ (അന്ധകാരത്തിൽ നിന്ന് പ്രകാശ ത്തിലേക്കു നയിച്ചാലും) എന്ന ഉപനിഷത്ത് വചനത്തിൽ പ്രത്യക്ഷപ്പെടുന്ന അന്തർദാഹം തന്നെയാണ് ഇവിടെ പ്രതിഫലിക്കുന്നത്. ഇത് സകല ജന ത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണ്.

മഹാന്മാരുടെ ജനനവേളയിൽ ദിവ്യപ്രകാശം ചൊരിയുന്ന നക്ഷത്രം പ്രത്യക്ഷപ്പെടുമെന്ന് പണ്ടുള്ളവർ വിശ്വസിച്ചിരുന്നു. വി.യോഹന്നാൻ ഇപ്ര കാരം എഴുതി: "അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.... എല്ലാ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളി ച്ചം ലോകത്തിലേക്ക് വരുന്നുണ്ടായിരുന്നു". (യോഹ1:4,9) ലോകത്തിന്റെ പ്രകാശമായി ജനിച്ചവന്റെ പ്രതീകമാണ് നാം വീടുകളിൽ തൂക്കിയിടുന്ന നക്ഷത്രങ്ങൾ. യേശു പറഞ്ഞു "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും". (യോഹ 8:12)

യേശുവിന്റെ ജനനം ബത്‌ലഹേം എന്ന കൊച്ചുപട്ടണത്തിന്റെ പേര് അനശ്വരമാക്കി. യേശു ജനിച്ച കാലിത്തൊഴുത്തും പുൽക്കൂടും ബത്‌ലഹേ മിൽ ആയിരുന്നു. ജറുസലേമിൽ നിന്ന് 9 കി.മീ. അകലെയാണ് ബത്‌ല ഹേം. "അപ്പത്തിന്റെ കലവറ" എന്നാണ് ബത്‌ലഹേം എന്ന ഹീബ്രു പദ ത്തിന്റെ അർത്ഥം. ലോകത്തിന് മുഴുവൻ ജീവന്റെ അപ്പം ആയവന് ജനി ക്കാൻ ബത്‌ലഹേമിൽ ഇടം ലഭിച്ചത് തികച്ചും യാദൃശ്ചികമല്ല. അത് ദൈവ ത്തിന്റെ പദ്ധതിയാണ്. സമുദ്രനിരപ്പിൽ നിന്നും 2600 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ബെത്‌ലഹേം എന്ന കൊച്ചുപട്ടണം യേശുവിന്റെ ജനന ത്തോടെ ലോക പ്രസിദ്ധമായി. സമൂഹത്തിൽ നിസ്സാരരെന്ന് കരുതപ്പെട്ടി രുന്ന ആട്ടിടയന്മാർ യേശു ജനിച്ചു എന്ന സദ്വാർത്ത ലഭിച്ചതോടെ ലോക ശ്രദ്ധയാകർഷിച്ചു.

ക്രിസ്തുവിന്റെ ജനനത്തോടെ ലോക ചരിത്രം തന്നെ രണ്ടായി പിരിഞ്ഞു എന്നത് ശ്രദ്ധേയമാണ്. B.C. ക്രിസ്തുവിനു മുമ്പ് എന്നും A.D. (Anno Domini) കർത്താവിന്റെ വത്സരം എന്നും ലോക ചരിത്രം അറിയപ്പെ ടാൻ തുടങ്ങിയത് ആദ്യത്തെ ക്രിസ്തുമസ് മുതലാണ്. ഓരോ ക്രിസ്മസും ഈ യാഥാർത്ഥ്യം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. കൂടാതെ നമ്മുടെ ജീവച രിത്രത്തിലും ക്രിസ്തുവിന് മുമ്പ്, ക്രിസ്തുവിന് ശേഷം എന്ന രണ്ട് ചരിത്രം ഉണ്ടാകാൻ ആഹ്വാനം ചെയ്യുന്നുണ്ട്. സാവൂളിന്റെ ജീവിതത്തിലേക്ക് കർത്താവ് ജനിച്ചതോടെ അദ്ദേഹം വി. പൗലോസ് ശ്ലീഹയായി രൂപാന്തര

(തുടർച്ച പേജ് 13)

# എന്തു നല്ലമ്മ... എന്നുടെ അമ്മ

## അമലോത്ഭവമാതാവ്
## LADY OF IMMACULATE

സി. ക്രിസറ്റ് FCC, മാപ്രാണം



സർപ്പത്തിന്റെ തല തകർത്തവളും നന്മ നിറഞ്ഞവളുമായ കന്യകാമറിയം ഉത്ഭവപാപരഹിതയാണെന്നുള്ള വിശ്വാസസത്യം സാവധാനത്തിലാണ് തിരുസഭയ്ക്കുപോലും വെളിവായത്. ഉത്ഭവപാപത്തിന്റെ സാർവ്വത്രികതയെ ഊന്നിപ്പറഞ്ഞിരുന്നവർക്ക് അമലോത്ഭവത്തെപ്പറ്റി ചിന്തിക്കാൻ കഴിഞ്ഞിരുന്നില്ല. ഫ്രാൻസിസ്കൻ ദൈവശാസ്ത്രജ്ഞനായ "ഡൺസ് കോട്ട്" ശക്തമായ ഒരു യുക്തി അവതരിപ്പിച്ചു. അത് ഇപ്രകാരമായിരുന്നു. ദൈവത്തിന് ആരേയും ഉത്ഭവപാപത്തിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. കന്യകാമറിയത്തെ പ്രസ്തുത നിയമത്തിൽ നിന്ന് ഒഴിവാക്കുക ഉചിതമായിരുന്നു. അതിനാൽ ഉചിതമായവ ചെയ്യുന്ന ദൈവം മറിയത്തെ അമലോത്ഭവയായി സൃഷ്ടിച്ചു.

ഒരു പ്രൊട്ടസ്റ്റന്റ് കവിയായ വേഡ്സ് വർത്ത് "പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ ഏക സ്തുതി പാത്രമേ " എന്ന് മറിയത്തെ അഭിസംബോധന ചെയ്തിരിക്കുന്നു. 1854 ഡിസംബർ 8-ാം തിയ്യതി "അവർണ്ണനീയ ദൈവം" എന്ന തിരുവെഴുത്ത് വഴി 9-ാം പീയൂസ് മാർപാപ്പ അമലോത്ഭവ സത്യം ഇങ്ങനെ നിർവ്വചിച്ചു. "അഖണ്ഡവും പരിശുദ്ധവുമായ ത്രിത്വത്തിന്റെ സ്തുതിക്കും കന്യകയായ ദൈവമാതാവിന്റെ മഹത്വത്തിനും അലങ്കാരത്തിനും കത്തോലിക്കാവിശ്വാസത്തിന്റെ പുകഴ്ചയ്ക്കും ശക്തമായ കത്തോലിക്കാസഭയുടെ പ്രചാരത്തിനുമായി നമ്മുടെ കർത്താവീശോമിശിഹായുടേയും പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെയും നമ്മുടെയും അധികാരത്തോടുകൂടെ നാം നിർവചിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നു. എത്രയും ഭാഗ്യപ്പെട്ട കന്യകാമറിയം ഉത്ഭവത്തിന്റെ പ്രഥമനിമിഷം മുതൽ മനുഷ്യവംശത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ യോഗ്യതകളെ പ്രതി സർവ്വ

ശക്തനായ ദൈവം നൽകിയ പ്രത്യേക വരത്താലും ആനുകൂല്യത്താലും ഉത്ഭവപാപത്തിന്റെ സകല മാലിന്യത്തിൽ നിന്നും സംരക്ഷിക്കപ്പെട്ടുവെന്നു ള്ളത് ദൈവം വെളിപ്പെടുത്തിയതാണ്. അതിനാൽ നാം ഇതിൽ ഉറച്ചുവിശ്വ സിക്കേണ്ടതാണ്."

മാർപാപ്പയുടെ ഈ പ്രഖ്യാപനത്തെ ഉറപ്പിച്ചുകൊണ്ട് ലൂർദ്ദിൽ ദൈവ മാതാവ് വി.ബെർണദിത്തയ്ക്കു പ്രത്യക്ഷപ്പെട്ടു പറഞ്ഞു. "ഞാൻ അമലോ ത്ഭവയാണ്" എന്ന്. നമുക്ക് അമ്മയെ ഹൃദയം നുറുങ്ങി വിളിക്കാം. പാപം കൂടാതെ ഉത്ഭവിച്ച മറിയമേ, അങ്ങയുടെ അഭയം തേടുന്ന പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. ആത്മശരീര മാനസങ്ങളിൽ വിശു ദ്ധിയുള്ളവരാകാൻ, ഹൃദയ നൈർമ്മല്യം കെടാതെ സൂക്ഷിക്കാൻ അമ്മേ പ്രാർത്ഥിക്കണമേ. **"എന്തു നല്ലമ്മ..... എന്നുടെ അമ്മ**

**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ."**

---

## ദൈവം നമ്മോടുകൂടെ (തുടർച്ച 11)

പ്പെട്ടു. ചുങ്കക്കാരൻ മത്തായി, മത്തായി ശ്ലീഹയായി. സക്കേവൂസ് പുതിയ മനുഷ്യനായി. പാപിനിയായ സ്ത്രീ പിന്നീട് സുവിശേഷ പ്രഘോഷകയാ യി. ഇങ്ങനെ സുവിശേഷത്തിൽ നാം കണ്ടു മുട്ടുന്ന അനേകം മനുഷ്യർ അവരുടെ ജീവിതത്തിൽ യേശു കടന്നുവന്നതോടെ രണ്ട് ചരിത്രം ഉള്ളവ രാണ്. യേശുവിന് മുൻപും യേശുവിന് ശേഷവും.

ക്രിസ്തുമസ് നമ്മുടെ ജീവിതത്തിലും രണ്ട് ചരിത്രം സൃഷ്ടിക്കാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കേണ്ട സുദിനമാണ്. മനുഷ്യൻ ദൈവത്തെ ഉപേ ക്ഷിച്ചാലും ദൈവം മനുഷ്യനെ ഉപേക്ഷിക്കില്ല എന്ന യാഥാർത്ഥ്യം ക്രിസ്തു മസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ കൂടെ വസിക്കുന്ന ദൈവത്തെ കണ്ടെത്താൻ നാം ഓരോരുത്തരും പരിശ്രമിക്കേണ്ടതുണ്ട്.

നമ്മുടെ സമൂഹത്തിലെ പുൽക്കൂടുകളിൽ രക്ഷകൻ ജനിച്ചിട്ടുണ്ട്. നമ്മുടെ ഭവനങ്ങളിലും നമ്മുടെ ഹൃദയങ്ങളിലും ഈശോയ്ക്ക് ജനിക്കാൻ പുൽക്കൂടുകൾ തീർക്കാം. ഈശോ നമ്മിൽ വന്ന് പിറക്കുമ്പോൾ നാം എല്ലാ വരും പുതിയ സൃഷ്ടികളായി രൂപാന്തരപ്പെടും. ഏവർക്കും ക്രിസ്തുമസി ന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

---

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**ഹന്ന മേരി വർഗ്ഗീസ്**
പടമാടൻ വീട്,
സെന്റ് മേരീസ് യൂണിറ്റ് I,
ക്ലാസ്സ് II B,
**എൽ.പി.വിഭാഗം**





**ആൽജി ജോണി**
പാലമറ്റം വീട്
സെന്റ്മേരീസ് യൂണിറ്റ് - 2
ക്ലാസ്സ് VI.A
**യു.പി.വിഭാഗം**

## വിശുദ്ധരുടെ ജീവിതത്തിലൂടെ...

# വി. ഫ്രാൻസിസ് സേവ്യർ (ഡിസംബർ 3)

സി. ഡെൽസ മരിയ FCC, മാപ്രാണം

സ്പെയിനിലെ പിരണീസ് പർവ്വതശൃംഗങ്ങളുടെ താഴ്വരയിലുള്ള സാൻജ്ജൂ സേ ഗ്രാമം. ഗ്രാമ മധ്യത്തിലെ ഭീമാകാരമായ സേവ്യർ കോട്ട. കോട്ടയുടെ ഉടമ 'ജൂവാൻ ഡി ജസ്സേ' അതിസമ്പന്നനും രാജാവിന്റെ ആലോചനാ സഭയിലെ ഒരംഗവുമാണ്. സമ്പന്ന കുടുംബത്തിലെ ഏകവകാശി മരിയയാണ് ജുവാന്റെ ഭാര്യ. 1506 ഏപ്രിൽ 7-ാം തിയ്യതി അവർക്ക് ആറാമതൊരു കുട്ടി ജനിച്ചു. താവഴിയിലൂടെ തനിക്ക് ജന്മാവകാശമായി ലഭിച്ച കോട്ടയുടെ പേരുകൂടി ചേർത്ത് ആ കുഞ്ഞിന് ഫ്രാൻസിസ് സേവ്യർ എന്ന് പേരിട്ടു. പിതാവിനേക്കാളും കുടുംബഭരണവും കുട്ടികളെ വളർത്തലും അമ്മ മരിയയുടെ ചുമതലയായിരുന്നു. ജേഷ്ഠന്മാരെപ്പോലെ സൈനിക സേവനത്തിൽ ചേർന്ന് പേരും പെരുമയും നേടാനായിരുന്നു ഫ്രാൻസിസിന്റെ ആഗ്രഹം. എന്നാൽ ഭക്തയായ അമ്മ തന്റെ മകൻ ഒരു വൈദികനായി കാണാനാണ് ആഗ്രഹിച്ചത്.



പഠനത്തിൽ ഏറെ മിടുക്കനായിരുന്ന ഫ്രാൻസിസ് ഉപരിപഠനത്തിനായി പാരീസിലായിരിക്കെ, ഭൗതിക ജീവിത വിജയങ്ങൾ സ്വപ്നം കണ്ട് നാളുകൾ കടന്നുപോയി. 1530ൽ കലയിൽ ബിരുദം നേടി അടുത്തുള്ള ഡോർമൻസ് സ്കൂളിൽ അധ്യാപക ജോലി സ്വീകരിച്ചു. ആയിടയ്ക്കാണ് ഈശോസഭ വൈദികനായ ഇഗ്നേഷ്യസ്, ഫ്രാൻസിസിനെ കണ്ടുമുട്ടുന്നത്. അധ്യാപകനായിരിക്കെ ബിരുദാനന്തരബിരുദത്തിനായി ഓടി നടന്ന ഫ്രാൻസിസിന്റെ മനസ്സിലേക്ക് ഇഗ്നേഷ്യസ് ഒരു ചോദ്യമുന്നയിച്ചു. "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നഷ്ടമായാൽ നിനക്കെന്തു ഫലം"?

ദിവസങ്ങൾ കടന്നുപോകവെ, ഈ ചോദ്യം ഫ്രാൻസിസിന്റെ ഹൃദയത്തിൽ ചലനം സൃഷ്ടിക്കുവാൻ തുടങ്ങി. ഭൗതിക നേട്ടങ്ങൾക്കും ആഢംബരങ്ങൾക്കുമായി കാത്തിരുന്ന മനസിന്റെ നിറമുള്ള സ്വപ്നങ്ങൾ വെറും മായയാണെന്ന് മന:സാക്ഷി ഫ്രാൻസീസിനോടു പലവട്ടം മന്ത്രിക്കുന്നതായി അനുഭവപ്പെട്ടു. ഉടനെ ഇഗ്നേഷ്യസിന്റെ അടുത്തുചെന്ന് ഫ്രാൻസിസ് വികാ

രാധീനനായി ചോദിച്ചു. ''ഞാനെന്തുവേണമെന്നാണ് അങ്ങു പറയുന്നത്''? ഇഗ്നേഷ്യസ് ഒട്ടും സങ്കോചമില്ലാതെ ദൃഢതയോടെ പറഞ്ഞു. ''ഫ്രാൻസിസ്, നിന്നെ ഈശോ വിളിക്കുന്നു, പാലസ്തീനായിലും ആഫ്രിക്കയിലും സുവിശേഷം പ്രസംഗിക്കാൻ.'' ഫ്രാൻസീസിന്റെ മറുപടി പെട്ടെന്നായിരുന്നു ''ഞാൻ വരാം.''

1533ൽ ഫ്രാൻസിസ്, ഇഗ്നേഷ്യസ് ലയോളയുടെ പ്രേരണയാൽ തന്റെ ലൗകിക ലക്ഷ്യങ്ങളെല്ലാം ഉപേക്ഷിച്ച് ഈശോയെ പൂർണ്ണമായി അനുകരിക്കാനും ഈശോയ്ക്കുവേണ്ടി പ്രവർത്തിക്കാനും തീവ്രമായി അഭിലഷിച്ചു. 1542ൽ ഇന്ത്യയിലെത്തിയ ഫ്രാൻസീസ് സേവിയർ അതീവ ശുഷ്കാന്തിയോടെ കേരളതീരത്ത് സുവിശേഷവേലയാരംഭിച്ചു. അനേകായിരങ്ങളെ ജ്ഞാനസ്നാനപ്പെടുത്തി. വേണാട്ടിൽ 40ൽ അധികം ക്രൈസ്തവകേന്ദ്രങ്ങൾ സ്ഥാപിച്ചു. കേരളത്തിലെ പല സ്ഥലങ്ങളിലും കന്യാകുമാരിയിലും തൂത്തുകുടിയിലുമെല്ലാം ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ച് മാമ്മോദീസ നൽകി. തുടർന്ന് സിംഗപ്പൂർ, ചൈന എന്നിവിടങ്ങളിലേക്ക് പോവുകയും പ്രതിബന്ധങ്ങളിൽ തളരാതെ ദൈവത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. ആത്മാക്കളെ തേടിയുള്ള അദ്ദേഹത്തിന്റെ യാത്രയ്ക്കിടയിൽ 1552 നവംബർ 28-ാം തിയ്യതി ശക്തമായ പനിയെത്തുടർന്ന് അദ്ദേഹം ബോധരഹിതനായി. ഡിസംബർ 2-ാം തിയ്യതി കണ്ണു തുറന്നെങ്കിലും ''ദാവീദിന്റെ പുത്രനായ ഈശോയേ എന്നിൽ കനിയണമേ'' എന്നുമാത്രം മന്ത്രിച്ചുകൊണ്ട് 1552 ഡിസംബർ 03 ന് ഈ ലോകത്തോട് യാത്ര പറഞ്ഞു.

വിജാതീയരുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ച് വിജാതീയരുടെ ഇടയിൽ തന്നെ മരിച്ചവനാണ് വി. ഫ്രാൻസിസ് സേവ്യർ. 1748 ഫെബ്രുവരി 24-ാം തിയ്യതി അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുകയും ഇന്ത്യയുടേയും മറ്റു പൗരസ്ത്യദേശങ്ങളുടേയും പ്രത്യേക മധ്യസ്ഥനായി പ്രഖ്യാപിക്കുകയും ചെയ്തു. ഗോവയിലെ ബോം ജീസസ് ദേവാലയത്തിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം സൂക്ഷിക്കുന്നു. ഡിസംബർ 03 ന് ഈ വിശുദ്ധന്റെ തിരുനാൾ സാർവ്വത്രിക സഭ കൊണ്ടാടുന്നു.

## ഇവർ മാപ്രാണം ഇടവകയുടെ അഭിമാനപാത്രങ്ങൾ!



**റോസി ആന്റണി കുറ്റിക്കാടൻ**

സെന്റ് ജോസഫ് യൂണിറ്റ്

ലോഗോസ് ക്വിസ് 2013

F വിഭാഗത്തിൽ 4-ാം റാങ്ക്



**ആന്റണി കണ്ടംകുളത്തി**



**റാണി ആന്റണി കണ്ടംകുളത്തി**

രൂപത ദൈവശാസ്ത്ര പഠനകോഴ്സ്

4-ാം സ്ഥാനം 5-ാം സ്ഥാനം

സെന്റ് ജോർജ്ജ് യൂണിറ്റ്

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

വിദേശ ജോലി എന്ന സ്വപ്നം പലപ്പോഴും നമ്മളെ ചതിയിൽപ്പെടുത്താറുണ്ട്. അവിടങ്ങളിൽ പോയി സുരക്ഷിതരായവർക്കൊപ്പം തന്നെ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളിൽപ്പെട്ടവരും ഏറെയുണ്ട്. അതിനാൽ ഇക്കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ട ചില നടപടികളാണ് ഈ ലക്കത്തിലെ പ്രതിപാദ്യം. ഇതിനു നമ്മളെ സഹായിക്കുന്ന സർക്കാർ വകുപ്പാണ് **നോർക്ക**. അവർ നൽകുന്ന ചില നിർദ്ദേശങ്ങളിതാ!

1. റിക്രൂട്ടിങ്ങ് ഏജൻസികൾക്ക് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റ അംഗീകാരമുണ്ടെന്ന് ഉറപ്പുവരുത്തുക. വിശദ വിവരങ്ങൾ www.norkaroots.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
2. കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിലെ ടോൾ ഫ്രീ നമ്പറുകളായ 1800-11-3090 ലോ 91-1140503090 ലോ വിളിച്ച് വിസയുടെ ആധികാരികത അറിയുക.
3. ഇക്കാര്യങ്ങൾ നേരിട്ടറിയണമെങ്കിൽ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ എറണാകുളത്തുള്ള മൈഗ്രേഷൻ റിസോഴ്സ് സെന്ററിനെ സമീപിക്കാവുന്നതാണ്. ഫോൺ : 0484-2372040, 2372044
4. പത്ത് രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷിച്ചാൽ നോർക്ക വകുപ്പ് വിസയും തൊഴിൽ കരാറും ഇന്ത്യൻ എംബസി സാക്ഷ്യപ്പെടുത്തിയതാണോ എന്ന വിവരം നൽകും.
5. ശമ്പളം, താമസസൗകര്യം, അവധി, ഓവർടൈം അലവൻസ്, ഹെൽത്ത് ഇൻഷുറൻസ് എന്നിവ വ്യക്തമായി തൊഴിൽ കരാറിൽ പറഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കുക.
6. 30 വയസ്സിനു താഴെയുള്ള സ്ത്രീകൾ വീട്ടുജോലിയ്ക്കായി വിദേശത്ത് പോകുന്നത് കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുണ്ടെന്ന് ഓർക്കുക.
7. പാസ്പോർട്ട്, വിസ, തൊഴിൽ കരാർ എന്നിവയുടെ പകർപ്പുകൾ സ്വയം സൂക്ഷിക്കുകയും, സ്പോൺസറെ സംബന്ധിച്ച വിവരങ്ങൾ, വിദേശത്തെ ഫോൺ നമ്പർ, വിലാസം എന്നിവ ബന്ധുമിത്രാദികളുടെ കൈവശം നൽകുകയും ചെയ്യേണ്ടതാണ്.
8. വെള്ളകടലാസിലോ, വായിച്ചു ബോധ്യപ്പെടാത്ത രേഖകളിലോ ഒപ്പിട്ടു നൽകരുത്.
9. എത്തുന്ന രാജ്യത്തെ നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാകുക.
10. അടുത്തുള്ള ഇന്ത്യൻ എംബസിയുടെ മേൽവിലാസവും ഫോൺനമ്പറും എപ്പോഴും കൂടെ കരുതുക.

നമ്മുടെ പ്രിയപ്പെട്ടവരോടുള്ള കടമകൾ നിറവേറ്റാൻ വിദേശത്തു പോകുന്നതിനു മുമ്പ് ഇക്കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

# ഒന്നു ചായ്ക്കാനൊരിടം

പോളി അറയ്ക്കൽ, മാപ്രാണം



**ജീ**വിതത്തിലെ അത്യന്തം സന്നിഗ്ധമായൊരു ഘട്ടത്തിൽ, ഒന്നു ചായ്ക്കാനും വിശ്രമിക്കാനും പിതാവായ ദൈവം തങ്ങളെ ഭരമേൽപിച്ചു നൽകിയ തന്റെ അരുമസുതന്റെ വരവിനായൊരുങ്ങാനും, ഒരുക്കുവാനും ഇടംതേടി അലയേണ്ടി വന്ന നിറഗർഭിണിയായ ഒരമ്മയുടേയും ശുദ്ധഹൃദയനായ ഒരു പിതാവിന്റേയും ദൈന്യത നിറഞ്ഞ കഥ വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്. ആതുരരുടേയും അനാഥരായവരുടേയും ആശ്രയമായ ആ വഴിയമ്പലത്തിൽ പോലും ഇടം കിട്ടാതെപ്പോയ പാവം ദമ്പതിമാർ.

പേറ്റുനോവാരംഭിച്ചിരുന്നതിനാലും തുടർച്ചയായ യാത്രയുടെ ആലസ്യത്താലും പരിക്ഷീണയായിപ്പോയ ആ പെൺകുട്ടിയുടെ തളർന്ന നിശ്വാസങ്ങളിലും മുഖം നിറഞ്ഞൊഴുകുന്ന വിയർപ്പിലും കണ്ണുടക്കി പരിഭ്രാന്തനായി പോയെങ്കിലും ഏതോ ഒരദൃശ്യശക്തിയുടെ തഴുകലേറ്റാലെന്നോണം ആത്മവിശ്വാസവും സംയമനശക്തിയും വീണ്ടെടുത്ത ആ ഭർത്താവിന്റെ മിഴികൾ ആകാശങ്ങളിലേയ്ക്കുയർന്നു.... 'എന്റെ യഹോവയായ കർത്താവേ!...'

തീവ്രമായിത്തീരുന്ന വേദനയ്ക്കിടയിലും ആ പെൺകുട്ടി പ്രിയതമന്റെ കൈ പിടിച്ച് പതിയേ മൊഴിഞ്ഞു! 'പരിഭ്രമിയ്ക്കാതെ, എല്ലാമറിയുന്ന കർത്താവ് കൂടെയില്ലേ?' എന്നിട്ടവൾ അല്പമകലേക്ക് കൈചൂണ്ടി - ആ സത്രപ്പറമ്പിന്റെ കോണിൽക്കണ്ട ചെറിയൊരു കാലിത്തൊഴുത്തിലേക്ക് !...

അതെങ്കിലത്! ആശ്വാസത്തോടെ അവരങ്ങോട്ടു നടന്നു. കുഞ്ഞാടുകൾക്കിടയിലൂടെ കടന്ന് ഒരു മൂലയിൽ, കച്ചിയും പുല്ലും സൂക്ഷിച്ചിരുന്ന ഒരു തൊട്ടി ഒരുക്കി, മീതെ കൈവശമുണ്ടായിരുന്ന പഴന്തുണികഷണങ്ങൾ വിരിച്ചു.....

ഒരൊറ്റവാക്കാൽ, ഈ പ്രപഞ്ചവും അതിലെ സർവ്വചരാചര ജീവജാലങ്ങളും, എല്ലാവിധ വിസ്മയ കാഴ്ചകളും സൃഷ്ടിച്ചൊരുക്കി മനുഷ്യന്റെ ഭൂലോക വാസത്തിന് അവന്റെ സൃഷ്ടിക്കു മുമ്പേത്തന്നെ ആരംഭവും അടിസ്ഥാനവും തീർത്തുവച്ച ദൈവപുത്രന് - ഓർക്കുക അവൻ ദൈവം തന്നെയായിരുന്നു!- ഈ ലോകത്തിൽ പിറവിയെടുത്തവതരിക്കാൻ പിതാവായ

ദൈവം വാത്സല്യത്തോടെ കരുതി വച്ച ഗർഭഗൃഹം!.... കാലികൾ തിന്നും കുടിച്ചും കാഷ്ടിച്ചും വൃത്തികേടായിക്കിടക്കുന്ന ഒരു തൊഴുത്ത് – സത്യത്തിൽ അങ്ങനെ വിളിക്കാൻ മാത്രമുതകുന്ന ഒരു ചെറുകുടിൽ! അതിലൊരു മൂലയിൽ കച്ചിയും പുല്ലും പഴന്തുണികഷണങ്ങളും വിരിച്ചൊരുക്കിയ പുൽത്തൊട്ടി. സ്രഷ്ടാവും പാലകനുമായ രാജാധിരാജന്റെ പൊന്നുമോനു കിട്ടിയ കൊട്ടാരവും പളളിമെത്തയും പൊൻതൊട്ടിലും! ഇതുപോല ഈ ലോകത്ത് ഏതു രാജാവാണ്, ഏതു രാജകുമാരനാണ് പിറന്നുവീണത്?

തണുത്തുവിറച്ച് കൈകാൽ കുടഞ്ഞെറിയുന്ന കുഞ്ഞിന് പുതപ്പായത് കുളിരുന്ന മഞ്ഞ്! വെളിച്ചം നൽകി ആനന്ദിപ്പിച്ചു വെണ്ണിലാവും കുഞ്ഞുതാരകളും! താരാട്ടുപാടാനും തഴുകിത്തലോടാനും രാക്കിളികളും ഇളംതെന്നലും! ഒപ്പം കൂട്ടിരുന്നത് മാലാഖമാരും കേട്ടറിഞ്ഞുവന്ന ഇടയച്ചെറുക്കന്മാരും! കൂട്ടത്തിലുണ്ടായിരുന്ന, മുതുകിലെ വലിയ കൂനുമൂലം കുനിഞ്ഞുപോയിരുന്ന കൊച്ചുബാലൻ കയ്യിൽ കരുതിയ തനിക്കാകെയുണ്ടായിരുന്ന സമ്പാദ്യം – അവിടവിടെ പിന്നിതുടങ്ങിയ ഒരു കമ്പിളിക്കഷണം കുഞ്ഞുമണിയെ പുതപ്പിച്ചു! എന്നിട്ട് അവനും മാലാഖമാരോടു ചേർന്ന് ആഹ്ലാദത്തോടെ പാടി! അടുത്തനിമിഷം ആ കമ്പിളിതുണ്ട് നക്ഷത്രപൂക്കൾ അതിരിട്ട പുതപ്പായി മാറി! പൊൻനിറമാർന്ന മിന്നിത്തിളങ്ങുന്ന പട്ടുപുതപ്പ്! ആനന്ദത്തോടെ, അതിലേറെ അതിശയത്തോടെ അവനതു കണ്ടു നിന്നു! മെല്ലെ മെല്ലെ ആ ഇടയച്ചെറുക്കന്റെ കുഞ്ഞുമിഴികൾ നീരണിഞ്ഞു തുളുമ്പി..... നിറഞ്ഞൊഴുകി!......

പുതപ്പിച്ചിരുന്ന ആ കമ്പിളിതുണ്ടിനോടൊപ്പം അവന്റെ മുതുകിലെ കൂനും അപ്രത്യക്ഷമായിരുന്നു!..... വിധവയുടെ ചില്ലിക്കാശിനും ചുങ്കക്കാരന്റെ ഏറ്റുപറയുന്ന പ്രാർത്ഥനയ്ക്കും ജെറീക്കോയിലെ അന്ധന്റെ വിശ്വാസതീവ്രതയ്ക്കും മുന്നോടിയായി തമ്പുരാൻ കാണിച്ചുതരുന്ന സമ്പൂർണ സമർപ്പണത്തിന്റെ കാഴ്ചകൾക്ക് – അനുഭവങ്ങൾക്ക് അവിടുന്ന് നൽകുന്ന പ്രതിഫലം ഒരിക്കൽക്കൂടി! തീരെ ചെറിയൊരു നന്മയ്ക്കുപോലും ഓർത്തിരുന്ന് പ്രതിഫലമേകുന്ന സ്നേഹനിധിയായ കർത്താവ്!

2000 വർഷങ്ങൾ കടന്നുപോയിട്ടും ഇന്നും ദൈവപുത്രൻ – സൃഷ്ടികൾക്കുടയവനായവൻ പിറക്കാനൊരിടം തേടി തെരുവുകൾതോറും അലയുന്നു! ഓരോ വാതിലിലും മുട്ടിവിളിക്കുന്നു! അകത്ത് കട്ടിപിടിച്ച കൂരിരുൾതൊട്ടികളുമായി കൊട്ടിയടച്ച ഹൃദയവാതിലുകൾക്കു കീഴെ അവരുറങ്ങുന്നു! സ്രഷ്ടാവായവന്റെ ദയാവായ്പിലും കണ്ണില്ലാത്ത കാരുണ്യത്തിലും മാത്രം കഴിഞ്ഞു കൂടുന്ന 'വിശേഷബുദ്ധി'കളെന്നഭിമാനിക്കുന്ന മനുഷ്യമക്കൾ!

പുറത്തുയരുന്ന ആചാരങ്ങളുടെ പുകവെടികൾ! അനുഷ്ഠാന നാടകങ്ങളുടെ വികലമായ ആചരണങ്ങൾ! ഏതു പരീശനും തോറ്റുപോകുന്ന കാപട്യത്തിന്റെ പകിട്ടാർന്ന മുഖംമൂടിയിൽ നാം സ്വയം വഞ്ചിക്കുന്നവരായി മാറുന്നു – മാറിക്കൊണ്ടേയിരിക്കുന്നു!.....

നിറഞ്ഞുകവിയുന്ന പന്തികൾ! ഭോജനപ്രിയരും നിലയുറയ്ക്കാതെ അതുമിതും പുലമ്പിയാടുന്ന പാനീയദാഹികളും! കർത്താവിനു മംഗളം പാടു

കയാണ് - ഹാപ്പി ബർത്ത്ഡെ 'ഗ്രീറ്റ്' ചെയ്യുകയാണ്! പുറത്തെ ഇരുളിൽ ഒരൽപം ഭക്ഷണത്തിനായി, ഒരിറക്കുവെള്ളത്തിനായി ആർത്തി പൂണ്ട് കാത്ത് കിടക്കുന്ന മനുഷ്യജന്മങ്ങൾ! നാക്ക് നീട്ടി നുണഞ്ഞ് വരണ്ടുണങ്ങുന്ന തൊണ്ട നനയ്ക്കാൻ പാടുപെടുന്നു! 'ഹൊ, എന്റെ ദൈവമേ!' എന്ന് തലയിൽ കൈവച്ച് കടന്നുപോകുന്ന ദൈവത്തിന്റെ ജനങ്ങൾ! ശമരിയാക്കാരന്റെ കഥയ്ക്ക് നിമിത്തമാകാൻ പിറന്നവർ!.... എന്റീശോയേ!....

നിരാശയും പ്രത്യാശയുമൊക്കെ ഉള്ളിലടക്കി, അകലേക്കണ്ട ആ തൊഴുത്തിൻ കൂട്ടിലേയ്ക്കവൻ നടന്നു. ഒന്നുമില്ലാത്തവരായ കുറേ ഇടയ പാവങ്ങളും, അയവിറക്കി കിടക്കുന്ന കുഞ്ഞാടുകളും മാത്രം അവനായി കാത്തിരുന്നു. അവൻ അവിടെ കണ്ട ഒരു പുൽത്തൊട്ടിമെത്തയിൽ കയറിക്കിടന്നു. കാത്തു കൂട്ടിരുന്ന പിതാവിനെയും മാതാവിനെയും നോക്കി പാൽപുഞ്ചിരിയോടെ കണ്ണിറുക്കി.......

ചിമ്മിയടച്ചു തുറന്ന മിഴികളിൽ നിന്നും വെൺപ്രഭയാർന്ന താരകകുഞ്ഞുങ്ങൾ ഉദിച്ചുയർന്നു..... പാൽപുഞ്ചിരി നിറവെണ്ണിലാവായി പരന്നു! അവിടമാകെ സ്വർഗ്ഗസംഗീതത്തിന്റെ മാസ്മരികമായൊരുഗാനം ഒഴുകി നടന്നു!....

.....അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ സന്മനസ്സുള്ളവർക്ക് - (സന്മനസ്സുളവർക്കേ അതുണ്ടാകൂ!) സമാധാനം!....

(പുതപ്പിന്റെ കഥയ്ക്ക് മേരി വിജയം മാസികയോട് കടപ്പാട്)

## ഡിസംബർ മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് I | കോമ്പാറക്കാരൻ ജോണി ജോൺസൺ | 8-12-13 | 2.30 p.m. |
| സെന്റ് ആന്റണീസ് II | പള്ളിപ്പാട്ട് വർക്കി ബേബി | 8-12-13 | 3.15 p.m. |
| സെന്റ് ജോസഫ് | ചിറക്കേക്കാരൻ കൊച്ചാപ്പു ജോസ് | 8-12-13 | 4.00 p.m. |
| ഹോളിക്രോസ് | കാഞ്ഞാണി കുഞ്ഞാപ്പു ജോസ് | 8-12-13 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | കൊടിപറമ്പിൽ പാലയൻ സെൽവരാജ് | 8-12-13 | 5.30 p.m. |
| ഗീവർഗ്ഗീസ് | തറയിൽ മുറ്റിച്ചൂക്കാരൻ റപ്പായി ആനി | 15-12-13 | 2.30 p.m. |
| സെന്റ് ജോർജ്ജ് | കൂനൻ വറീത് പോൾ | 15-12-13 | 3.15 p.m. |
| സെന്റ് ജോൺ I | തൊമ്മാന വാറുണ്ണി വില്ല്യംസ് | 15-12-13 | 4.00 p.m. |
| സെന്റ് ജോൺ II | പുതുശ്ശേരി മൊറോളി പൗലോസ് മേജോ | 15-12-13 | 4.45 p.m. |
| വാ. മദർതെരേസ | ആഴ്ച്ചങ്ങാടൻ ജോസഫ് ആന്റണി | 15-12-13 | 5.30 p.m. |
| സെന്റ് മേരീസ് I | അറങ്ങാശ്ശേരി വറീത് ഫ്രാൻസിസ് | 22-12-13 | 2.30 p.m. |
| സെന്റ് മേരീസ് II | കൂനൻ ജോൺ ഡെയ്സി | 22-12-13 | 3.15 p.m. |
| സെന്റ് അൽഫോൺസ | കോലഞ്ചേരി കൊച്ചുപൈലോ ചെറിയാൻ | 22-12-13 | 4.00 p.m. |
| സെന്റ് റോസ് | തെങ്ങോലപറമ്പിൽ അന്തോണി ഓപ്പൻ | 22-12-13 | 4.45 p.m. |
| സെന്റ് സേവിയേഴ്സ് | തെക്കൂടൻ വർക്കി ഫ്രാൻസിസ് | 22-12-13 | 5.30 p.m. |

# സഭാവാർത്തകൾ

സി. ഡെൽസ മരിയ FCC, മാപ്രാണം

**1. ഫ്രാൻസിസ് മാർപാപ്പ ലോകത്തെ മാതാവിന്റെ വിമല ഹൃദയത്തിന് സമർപ്പിച്ചു :**

ഫ്രാൻസിസ് മാർപാപ്പ ഒക്ടോബർ 13 ന് ലോകത്തെ, മാതാവിന്റെ വിമല ഹൃദയത്തിന് സമർപ്പിച്ചു. വിശ്വാസവർഷത്തിന്റെ സമാപനത്തോട് അനുബന്ധിച്ച് പോർച്ചുഗലിൽ നിന്നും പുറപ്പെട്ട ഫാത്തിമ മാതാവിന്റെ തിരു സ്വരൂപം വത്തിക്കാനിൽ എത്തിയപ്പോഴായിരുന്നു ഈ സമർപ്പണം.

**2. ചൈനയിൽ ഗർഭഛിദ്രം വർദ്ധിക്കുന്നു :**

ഒറ്റക്കുട്ടി നയത്തിന്റെ പേരിലുള്ള നിർബന്ധിത ഗർഭനിരോധനം ചൈനയിൽ വർദ്ധിക്കുന്നു. സമൂഹത്തിൽ നിഷേധാത്മക ഫലങ്ങളാണ് ഇതിലൂടെ ചൈന അനുഭവിക്കേണ്ടി വരിക എന്ന് വുമൻസ് റൈറ്റ്സ് വിത്തൗട്ട് ഫ്രണ്ടിയേഴ്സ് പ്രസിഡന്റ് റൂഗി ലിറ്റിൽ ജോൺ പ്രതികരിച്ചു. "ഇത് യഥാർത്ഥത്തിൽ സ്ത്രീകൾക്കെതിരെയുള്ള യുദ്ധമാണ്. അവരുടെ അവകാശങ്ങൾക്കെതിരെയുള്ള യുദ്ധമാണ്. നിർബന്ധിച്ചുള്ള ഗർഭഛിദ്രത്തിലൂടെ ഭീകരതയാണ് അവർ സൃഷ്ടിക്കുന്നത്."..... ഇങ്ങനെ സ്ത്രീകളുടെ ആത്മഹത്യാനിരക്ക് ചൈനയിൽ വർദ്ധിക്കുന്നു.

**3. ഭ്രൂണഹത്യയും അനുബന്ധമാർഗങ്ങളും മാനവരാശിയുടെ നിലനിൽപ്പിന് ഭീഷണി : മാർ ജോർജ് ആലഞ്ചേരി**

മാനവരാശിയുടെ നിലനിൽപ്പിനും വംശവർദ്ധനയ്ക്കും വേണ്ടി ഭ്രൂണഹത്യയും അനുബന്ധമാർഗങ്ങളും ശക്തമായി തടയണമെന്ന് സീറോ മലബാർ സഭാ അദ്ധ്യക്ഷൻ മാർ ജോർജ് ആലഞ്ചേരി കൊച്ചിയിലെ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. നന്മയുടെ കാവൽക്കാരും ധാർമ്മികതയുടെ വക്താക്കളുമായി വ്യക്തികളും സംഘടനകളും രൂപാന്തരപ്പെടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

**4. പരി. ത്രിത്വസഭയ്ക്ക് പുതിയ സുപ്പീരിയർ :**

പരി. ത്രിത്വസഭയുടെ ഇന്ത്യൻ വികാരിയത്ത് സുപ്പീരിയറായി ഫാ. സിമിൻ ജി. ഫെർണാണ്ടസ് ഒ.എസ്.എസ്.ടി. തെരഞ്ഞെടുക്കപ്പെട്ടു. തൃശ്ശൂരിലെ ഹോളി ട്രിനിറ്റി ആശ്രമത്തിലായിരുന്നു തെരഞ്ഞെടുപ്പ്. കൗൺസിലർമാരായി ഫാ. ബിനോജ് പുത്തൻപുരയ്ക്കൽ, ഫാ. സേവ്യർ കാച്ചപ്പിള്ളി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**5. സഹൃദയ കോളേജ് നാടിന്റെ അഭിമാനം: ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ റവ. ഡോ. തോമസ് സി. മാത്യു**

കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് പഠനത്തിൽ മികവ് പുലർത്തുന്ന സഹൃദയ കോളജ് ഈ നാടിന്റെയും, കേരളത്തിന്റെ തന്നെയും അഭിമാനമാണെന്നും മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു.

ബാലപംക്തി



# ഉണ്ണീശോക്കെന്റെ സമ്മാനം

ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

പ്രിയ കൂട്ടുകാരേ, ക്രിസ്തുമസ് ഇങ്ങടുത്തെത്തിയല്ലോ. എന്തൊക്കെയായി ഒരുക്കങ്ങൾ? പുത്തനുടുപ്പ് വാങ്ങും, ബന്ധുക്കൾക്കും കൂട്ടുകാർക്കും ക്രിസ്തുമസ് കാർഡുകളയയ്ക്കും, നക്ഷത്രവിളക്കുകൾ തൂക്കും, പുൽക്കൂടും ക്രിസ്തുമസ് ട്രീയും ഉണ്ടാക്കും, കരോളുണ്ടാകും. ഇങ്ങനെ നീളുമല്ലേ ആഘോഷങ്ങൾ? നിങ്ങളുടെ പിറന്നാളിന് സമ്മാനങ്ങൾ ലഭിക്കാറില്ലേ? ഈ പ്രാവശ്യം നമുക്ക് ഉണ്ണീശോയുടെ പിറന്നാളിന് ഒരു സമ്മാനം കൊടുത്താലോ? സമ്മാനമായി ഓരോ ദിവസവും ചേർത്തുവയ്ക്കുന്ന നിങ്ങളുടെ നന്മനിറഞ്ഞ ത്യാഗങ്ങൾ കോർത്തിണക്കിയ ഹാരവും സ്നേഹംനിറഞ്ഞ പ്രാർത്ഥനകളുടെ ബൊക്കയും നൽകാം. ഇതായിരിക്കട്ടെ ഉണ്ണീശോക്കുള്ള നിങ്ങളുടെ പിറന്നാൾ സമ്മാനം.

1 എന്നും നോമ്പെടുത്ത് വി. കുർബ്ബാനക്കുപോകും എന്ന് പ്രതിജ്ഞ ചെയ്യും
2 കുമ്പസാരിച്ച് കുർബ്ബാന സ്വീകരിക്കും
3 മാതാപിതാക്കളെ അനുസരിക്കും
4 സന്ധ്യാപ്രാർത്ഥനകൾ ഭക്തിപൂർവ്വം ചൊല്ലും
5 ഗൃഹപാഠം മുഴുവനും ചെയ്യും
6 മരിച്ചവിശ്വാസികൾക്ക് വേണ്ടി പ്രാർത്ഥിക്കും
7 'എന്റെ അമ്മേ, എന്റെ ആശ്രയമേ' എന്ന് ആവർത്തിക്കും
8 സഹോദരരോട് സ്നേഹത്തോടെ പെരുമാറും
9 രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കും
10 വികാരിയച്ചനും സിസ്റ്റേഴ്സിനും ഇടവക കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കും
11 കാവൽമാലാഖയോട് പ്രാർത്ഥിക്കും
12 കൂട്ടുകാരോട് ദൈവസ്നേഹത്തെക്കുറിച്ച് പറയും
13 കൊന്തചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥം തേടും
14 ലൂക്ക 1:26-38 വായിക്കും
15 കൂട്ടുകാരിൽ ഒരാളെ സഹായിക്കും
16 എല്ലാ ഗർഭസ്ഥശിശുക്കൾക്കും വേണ്ടി പ്രാർത്ഥിക്കും
17 എല്ലാ സഭാമേലദ്ധ്യക്ഷൻമാർക്കും മിഷനറിമാർക്കും സന്യാസി സന്യാസിനികൾക്കും വേണ്ടി പ്രാർത്ഥിക്കും

ഗാനം

# സ്നേഹാത്മരൂപൻ



അഗ്നിനാളമായ്അനന്തദീപമായ്
ഞങ്ങളിൽ വന്നുചേരും ആത്മരൂപനേ
നിത്യജീവനായ് സത്യവചനമായ്
ഞങ്ങളിൽ വസിച്ചിടുന്ന സ്നേഹരൂപനേ...

നിൻ ശരീരമിന്നിവിടെ അപ്പമാകവേ
മുന്തിരിച്ചാറു നിന്റെ രക്തമാകവേ
യോഗ്യരായ് എന്നും നിന്നെ സ്വീകരിക്കുവാൻ
ഞങ്ങളെ അനുഗ്രഹിക്കു ഏകദൈവമേ...

നിന്നെ സ്വീകരിക്കുമെന്റെ നാവിനുൾത്തടം
നീ വസിക്കുമെന്നുമെന്റെ ഹൃദയസ്പന്ദനം
എന്റെ ആഗ്രഹം നിൻ അനുഗ്രഹം
എന്റെ ജീവിതം ധന്യമാക്കണേ...

– ജോൺ കെ.ജെ., കോമ്പാറക്കാരൻ

**ഉണ്ണീശോക്കെന്റെ സമ്മാനം** (തുടർച്ച)

18 'കർത്താവിന് നന്ദി പറയുവിൻ, എന്തെന്നാൽ അവിടുന്ന് നല്ലവനാകുന്നു.' എന്ന് ആവർത്തിച്ച് ചൊല്ലും

19 വയോധികരെ സഹായിക്കും

20 'ഈശോയെ എന്റെ ഹൃദയത്തിൽ വാഴണമേ' എന്ന് പ്രാർത്ഥിക്കും

21 'ഈശോയാണ് എന്റെ രക്ഷകൻ' എന്ന് ഏറ്റ് പറയും

22 എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കും

23 എല്ലാ ത്യാഗങ്ങളും പ്രാർത്ഥനകളും ഈശോയ്ക്ക് സമ്മാനമായി കാഴ്ചവയ്ക്കും.

24 ലൂക്കാ 2:1-20 വായിക്കും

25 മത്തായി 2:1-12 വായിക്കും

**ഏവർക്കും ക്രിസ്തുമസ് ആശംസകൾ.**

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- സാമ്പത്തിക ശാസ്ത്രത്തിനുള്ള നൊബേൽ പുരസ്കാരം, യു.എസ്. സാമ്പത്തിക വിദഗ്ധരായ യൂജിൻ എഫ്. ഫാമ, ലാർസ് പീറ്റർ ഹാൻസെൻ, റോബർട്ട് ഷില്ലർ എന്നിവർ പങ്കുവെച്ചു.
- റേഡിയോ തരംഗങ്ങൾ ഉപയോഗപ്പെടുത്തുന്ന വൈഫൈ കണക്ടിവിറ്റിക്കു പകരം എൽ.ഇ.ഡി. (LED) ബൾബുകൾ ഉപയോഗിച്ചുള്ള ചെലവ് കുറഞ്ഞ ഇന്റർനെറ്റ് കണക്ടിവിറ്റി ചൈനീസ് ശാസ്ത്രജ്ഞർ വികസിപ്പിച്ചു. ലൈഫൈ എന്നപേരിൽ ഇത് അറിയപ്പെടും.
- സൗരയൂഥത്തിനു സമാനമായ ഒരു നക്ഷത്രഗ്രഹ കൂട്ടായ്മ 127 പ്രകാശവർഷം അകലെ കണ്ടെത്തി. HD 10180 എന്ന നക്ഷത്രത്തെ ചുറ്റുന്ന 7 ഗ്രഹങ്ങൾ ആണ് ഇതിലുള്ളത്.
- റെയിൽവേ ബോർഡ് ചെയർമാനായി അരുണേന്ദ്രകുമാറിനെ നിയമിച്ചു.
- ഈ വർഷത്തെ മാൻബുക്കർ പുരസ്കാരം എലിനർ കാറ്റണ് ലഭിച്ചു. ദി ലൂമിനറീസ് എന്ന കൃതിക്കാണ് പുരസ്കാരം.
- ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട് ഒഡീഷ, ആന്ധ്രാതീരങ്ങളിൽ 220 കിലോമീറ്റർ വേഗത്തിൽ ആഞ്ഞടിച്ച കൊടുങ്കാറ്റാണ് ഫൈലിൻ.
- സംസ്ഥാന സർക്കാരിന്റെ കേരള ശാസ്ത്ര പുരസ്കാരം, ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. എം.എസ്. വല്യത്താന് ലഭിച്ചു.
- 1994 ൽ നൽകിയ റോം പൗരത്വം 19 വർഷത്തിന് ശേഷം മ്യാൻമർ പ്രതിപക്ഷനേതാവ് ഓങ് സാൻ സൂ ചി ഏറ്റുവാങ്ങി.
- ഗ്രേറ്റർ നോയിഡയിലെ ബുദ്ധ് സർക്യൂട്ടിൽ നടന്ന ഇന്ത്യൻ ഗ്രാൻപ്രിയിൽ സെബാസ്റ്റ്യൻ വെറ്റൽ വിജയിയായി.
- തജിക്കിസ്ഥാനിൽ ഇമോമലി റഹ്മോൻ പ്രസിഡന്റായി 4-ാം വട്ടവും തെരഞ്ഞെടുക്കപ്പെട്ടു.
- മോസ്കോയിൽ നടന്ന മിസ് യൂണിവേഴ്സ് മത്സരത്തിൽ വെനസ്വേലക്കാരി ഗബ്രിയേല ഈസ്ലർ സൗന്ദര്യ റാണി പട്ടം ചൂടി.
- ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ നിലയത്തിൽ നിന്നും PSLV - C25 റോക്കറ്റ് ഉപയോഗിച്ച് ഇന്ത്യയുടെ ചൊവ്വാ പര്യവേഷണ പേടകം 'മംഗൾയാൻ' ഭൗമ ഭ്രമണപഥത്തിൽ എത്തിച്ചു. ചൊവ്വാ ദൗത്യത്തിൽ വിജയിക്കുന്ന 4-ാമത്തെ ഏജൻസിയായി മാറാനാണ് ISRO ലക്ഷ്യമിടുന്നത്. അമേരിക്ക, റഷ്യ, യൂറോപ്യൻ സ്പേസ് ഏജൻസി എന്നിവ മാത്രമാണ് ഇതുവരെ വിജയം കണ്ടത്.

# മതബോധനം

**രൂപതാ കയ്യെഴുത്തുമാസിക മത്സരം :**

ഈ വർഷത്തെ മതബോധന ആപ്തവാക്യമായ "ഗുരുദർശനം ധാർമ്മിക ജീവിതത്തിലൂടെ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി നവംബർ 10-ാം തിയ്യതി ഞായറാഴ്ച രൂപതയിൽ നടത്തിയ കയ്യെഴുത്തു മാസിക മത്സരത്തിൽ നമ്മുടെ മതബോധന യൂണിറ്റിൽ നിന്നും ബഹു. Sr. ക്രിസറ്റിന്റെ നേതൃത്വത്തിൽ 10 വിദ്യാർത്ഥികളടങ്ങിയ ടീം പങ്കെടുത്തു.

**മതബോധനദിനം** : ഈ വർഷത്തെ മതബോധനദിനം വിവിധ പരിപാടികളോടെ ഡിസംബർ 1-ാം തിയ്യതി ഞായറാഴ്ച നടത്തപ്പെടുന്നു. വൈകീട്ട് 4.00 മണിക്കുള്ള വി. കുർബ്ബാനയെ തുടർന്ന് 5.30 ന് സ്നേഹാഞ്ജലി ഹാളിൽ ഉദ്ഘാടന സമ്മേളനം, വിദ്യാർത്ഥികളവതരിപ്പിക്കുന്ന കലാപരിപാടികൾ, കഴിഞ്ഞ അധ്യയനവർഷത്തിലെ സമ്മാനവിതരണം എന്നിവ ഉണ്ടായിരിക്കും. എല്ലാ മാതാപിതാക്കളുടെയും വിദ്യാർത്ഥികളുടെയും സാന്നിധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു.

**ലോഗോസ് ക്വിസ് 2013 :** സെപ്തം. 29ന് നടത്തപ്പെട്ട ലോഗോസ് ക്വിസ് രൂപതാതല പരീക്ഷയിൽ F വിഭാഗത്തിൽ (65 വയസ്സിന് മുകളിൽ) നമ്മുടെ ഇടവകയിലെ ശ്രീമതി റോസി ആന്റണി കുറ്റിക്കാടൻ 92 മാർക്ക് കരസ്ഥമാക്കി 4-ാം റാങ്ക് നേടി. മതബോധന യൂണിറ്റിന്റെ അഭിനന്ദനങ്ങൾ.....!

ഹെഡ്മാസ്റ്റർ

---

പ്രിയമുള്ളവരെ,

ഹോളിവോയ്സിന്റെ അച്ചടി ചിലവ് കവിഞ്ഞ നവംബർ മാസം മുതൽ വർദ്ധിച്ചിരിക്കുന്നതിനാൽ 2014 ജനുവരി മുതൽ താരിഫ് നിരക്കുകളിൽ മൾട്ടി കളർ പേജിനു മാത്രം ചെറിയൊരു വർദ്ധനവ് വരുത്തേണ്ടി വന്നിരിക്കുന്നു. പുതുക്കിയ നിരക്കുകൾ.

| | | |
|---|---|---|
| ബാക്ക് കവർ | - | ₹.1700 |
| ഫ്രന്റ് ഇന്നർ | - | ₹.1400 |
| ബാക്ക് ഇന്നർ | - | ₹.1250 |
| ഇന്നർ ഫുൾപേജ് | - | ₹.1100 |
| ഇന്നർ ഹാഫ് പേജ് | - | ₹.700 |

എല്ലാവരുടേയും സഹകരണം തുടർന്നും അഭ്യർത്ഥിക്കുന്നു.

**ബുള്ളറ്റിൻ കമ്മിറ്റി**

NB : ബ്ലാക്ക് & വൈറ്റ് പേജിന് പഴയ നിരക്കുകൾ മാത്രം.

| | | |
|---|---|---|
| ഫുൾ പേജ് | - | ₹.500 |
| ഹാഫ് പേജ് | - | ₹.300 |

## കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ....................................................................................................

വീട്ടുപേര് ...............................................................................................

മതബോധന ക്ലാസ്സ് ..............................യൂണിറ്റ്.......................................

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **ഡിസംബർ 15**

# ക്വിസ് മത്സരം

1. ''വിശ്വാസവർഷം'' ഉദ്ഘാടനം ചെയ്തത് ഏത് പാപ്പയാണ്? തിയ്യതി, വർഷം?
2. ''സമരിറ്റൻ'' സന്യാസസമൂഹത്തിന്റെ മുദ്രാവാക്യം എന്താണ്?
3. ദേവാലയ സംഗീതത്തിന്റെ മധ്യസ്ഥയായ വിശുദ്ധ ആരാണ്?
4. പുതിയ നിയമത്തിൽ ആദ്യം എഴുതപ്പെട്ട ഗ്രന്ഥം ഏത്?
5. ഏറ്റവും കൂടുതൽ കാലം തിരുസഭയെ നയിച്ചിട്ടുള്ള മാർപാപ്പ?
6. ഈ വർഷം സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചത് ആർക്ക്?
7. സി.എം.ഐ. സഭാ സ്ഥാപകൻ?
8. ലോക മാധ്യമ ദിനം എന്നാണ്?
9. പരിശുദ്ധ കന്യകാമറിയത്തിന്റെ മാതാപിതാക്കൾ ആരാണ്?
10. കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ആന്ധ്ര, ഒറീസ തീരങ്ങളിൽ വീശിയടിച്ച ചുഴലിക്കാറ്റിന്റെ പേരെന്ത്?
11. ദൈവത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലും വിശ്വാസമർപ്പിക്കുമ്പോൾ മനുഷ്യൻ ആയി തീരുന്നു?
12. ആരാധനാക്രമവത്സരത്തിലെ അവസാനത്തെ കാലം ഏത്?
13. വിശ്വാസം എന്ന പദത്തിന് പഴയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഹീബ്രൂ വാക്ക് എന്താണ്?
14. ''എലിമാസ്'' എന്ന പേരിന്റെ അർത്ഥം എന്താണ്?
15. ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസരാണ്. അവർ നിങ്ങളോട് രക്ഷയുടെ മാർഗ്ഗം പ്രഘോഷിക്കുന്നു. ആര് ആരെക്കുറിച്ചാണ് ഇത് പറഞ്ഞത്?

അവലംബം : നവംബർ ലക്കം കേരളസഭ, ഹോളിവോയ്സ്, അപ്പസ്തോല പ്രവർത്തനങ്ങൾ 10 മുതൽ 20 വരെ അദ്ധ്യായങ്ങൾ : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി ഡിസംബർ 15.

## നവംബർ ലക്കം ക്വിസ് മത്സര വിജയി : റെമിൻ വിൻസെന്റ്

മത്സരത്തിൽ 24 പേർ പങ്കെടുത്തു. എല്ലാവരുടേയും ഉത്തരങ്ങൾ ശരിയാണ്. 24 പേരിൽ നിന്നും നറുക്കെടുത്ത് ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കൽ സമ്മാനർഹനെ പ്രഖ്യാപിച്ചു.

### നവംബർ ലക്കം ക്വിസ് മത്സരത്തിൽ പങ്കെടുത്തവർ

ജിൻസി വർഗ്ഗീസ്, സ്നേഹ റോസ്, ഷാലി ജെയ്സൻ, ഡാലി ലോറൻസ്, ആൻഡ്രിയ ആന്റണി, ഡാലി ആന്റോ, ആൻ ജാക്വലിൻ ജെയ്സൻ, അനിറ്റ കെ. ജിഷു, സോണിയ ജോൺസൺ, ഐറിൻ ആന്റണി, ലിജി ബിജു, സിസിലി ദേവസി, മേരി ജോർജ്ജ്, സിനി വിൻസൻ, ജോയ്സി ആന്റോ, സിയ റോബിസൻ, അഖിൽ ജോൺസൺ, അനു കെ. ലോറൻസ്, റോസി ആന്റണി, ടി.ആർ. ജോസ്, ടിനുമോൾ ടി.എൽ., ആൻസൽ ജെയ്സൻ, റെമിൻ വിൻസൻ, ജോൺസൺ കോമ്പാറക്കാരൻ

**NB : ക്വിസ് മത്സരത്തിൽ ഒരു വീട്ടിൽ നിന്ന് ഒരു അംഗം മാത്രമേ പങ്കെടുക്കാവൂ.**

| തിയ്യതി | സമയം | ഇടവക ഡയറി - ഡിസംബർ 2013 |
|---|---|---|
| 01 | | ഇരുപത്തിയഞ്ച് നോമ്പാരംഭം - മംഗളവാർത്താകാലം ഒന്നാം ഞായർ |
| | 4.00 p.m. | മതബോധന ദിനാഘോഷം |
| 06 | | മാസാദ്യവെള്ളിയാഴ്ച ആചരണം |
| | 6.30 a.m. | വി. കുർബ്ബാന, |
| | 9.30 a.m. | വി. കുർബ്ബാന, തിരുവചനപ്രഘോഷണം, വി. കുരിശിന്റെ നൊവേന, ആരാധന, നേർച്ചയൂട്ട്, |
| | 6.15 p.m. | വിശുദ്ധ കുർബ്ബാന, വി. കുരിശിന്റെ നൊവേന |
| 08 | | മംഗളവാർത്താകാലം രണ്ടാം ഞായർ |
| | | പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ |
| | 8.00 a.m. | പ്രതിനിധിയോഗം |
| 14 | 3.00 p.m. | മാതൃസംഘം മീറ്റിങ്ങ് |
| 15 | | മംഗളവാർത്താകാലം മൂന്നാം ഞായർ |
| 21 | | രോഗികൾക്ക് കുമ്പസാരം |
| 22 | | മംഗളവാർത്താകാലം നാലാം ഞായർ : കുമ്പസാരദിനം |
| 23 | | കുമ്പസാരദിനം, ക്രിസ്തുമസ് കരോൾ പ്രോഗ്രാം |
| 24 | | ക്രിസ്തുമസ്സ് ട്രീ മത്സരം |
| | 11.30 p.m. | പിറവിയുടെ തിരുക്കർമ്മങ്ങൾ |
| 25 | | **ക്രിസ്തുമസ്സ്** |
| 28 | | കുഞ്ഞിപൈതങ്ങളുടെ തിരുനാൾ |
| | | ഡീക്കൻ ബിനോജ് തെക്കേക്കരയുടെ തിരുപ്പട്ട സ്വീകരണം (മേലഡൂർ) |
| 29 | | പിറവികാലം 1-ാം ഞായർ :തിരുകുടുംബത്തിന്റെ തിരുനാൾ |
| 31 | | വർഷാവസാനദിനം |
| | 6.00 p.m. | കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ധനശേഖരാർത്ഥം **ആലപ്പുഴ മാജിക് വിഷന്റെ "മാജിക് പാലസ്"** |
| | 11.30 p.m. | വർഷാവസാന പ്രാർത്ഥന, ആരാധന |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| കുഴിക്കാട്ടുകോണം | ആലപ്പാടൻ | ആന്റോസ്+സൗമ്യ | മരിയ | 9-7-2013 | 3-11-2013 |

## മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| മാങ്ങൻ ഔസേപ്പ് ജോണി | 16-11-2013 | സെന്റ് മേരീസ് II |

# വെള്ളിയാഴ്ച ആചരണം 2014 ജനുവരി മുതൽ

വിശുദ്ധ കുരിശിന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ ആദ്യ ക്രൈസ്തവ ദൈവാലയമായ നമ്മുടെ മാർസ്ലീവാതീർത്ഥാടന ദൈവാലയത്തിൽ (Holy Cross Shrine Church, Mapranam) നടത്തിവരുന്ന വെള്ളിയാഴ്ച ആചരണം കൂടുതൽ ആത്മീയ ശുശ്രൂഷകളോടെ 2014 ജനുവരി 3-ാം തിയ്യതി ആദ്യവെള്ളിയാഴ്ച മുതൽ ആരംഭിക്കുകയാണ്. യേശുനാഥൻ ലോകരക്ഷ പൂർത്തിയാക്കിയ കാൽവരിയിലെ കുരിശുമരണത്തിന്റെ ഓർമ്മ അനുസ്മരിക്കുന്ന വെള്ളിയാഴ്ചകളിൽ വിശുദ്ധകുരിശിന്റെ തിരുശേഷിപ്പുവണക്കത്തിനും കുരിശിന്റെ മഹത്വം പ്രഘോഷിക്കുന്ന അനുഗ്രഹദായകമായ വി. കുർബ്ബാനയിലേക്കും, തിരുവചന പ്രഘോഷണത്തിലേക്കും, തിരുമണിക്കൂർ ആരാധനയിലേക്കും, കുരിശിന്റെ നൊവേനയിലേക്കും, നേർച്ച ഭക്ഷണത്തിലേക്കും എവരേയും യേശുനാമത്തിൽ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ എന്നുദ്ഘോഷിച്ച് സഹനത്തിന്റെ രക്ഷാകരമൂല്യം ഉൾകൊണ്ട് അനുഗ്രഹീതരാകുവാൻ ഈ ശുശ്രൂഷകൾ നമ്മെ സഹായിക്കുമാറാകട്ടെ.

തിരുക്കർമ്മങ്ങളുടെ സമയം :-

**06.30 a.m. : വിശുദ്ധ കുർബ്ബാന**

**10.00 a.m. : പ്രസുദേന്തിവാഴ്ച, വിശുദ്ധ കുർബ്ബാന, തിരുവചന പ്രഘോഷണം,വി.കുരിശിന്റെ നൊവേന,ആരാധന, നേർച്ച ഭക്ഷണം**

**03.00 p.m. : അനുഗ്രഹദായകമായ തിരുമണിക്കൂർ ആരാധന**

**04.00 p.m. : വിശുദ്ധ കുർബ്ബാന**

**05.15 p.m. : സെന്റ് ജോൺ കപ്പേളയിൽ വി.കുരിശിന്റെ നൊവേന**

**NB :രാവിലെ 10.00 മുതൽ വൈകീട്ട് 5.00 വരെ വി.കുരിശിന്റെ തിരുശേഷിപ്പ് വണങ്ങുന്നതിനും കുമ്പസാരത്തിനും സൗകര്യം ഉണ്ടായിരിക്കും.**

**ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ**

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>വടക്കാഞ്ചേരി | പാണനാൽ<br>കൂനംപറമ്പിൽ | പോൾ+എല്യകുട്ടി<br>വർഗ്ഗീസ്+മേരി | ഷിജു<br>സുനിത | 20-10-2013 |
| മാപ്രാണം<br>ഒറ്റപ്പാലം | മാമ്പിള്ളി<br>പൂക്കോടൻ | മാത്യു+മേരി<br>തോബിയാസ്+നേറ്റി | ജെസ്റ്റോ<br>ജൂലി | 20-10-2013 |
| മാപ്രാണം<br>പുല്ലൂർ | കളത്തികൽ<br>തെക്കിനിയേടത്ത് | ജോർജ്ജ് + ലീന<br>ജോസ് + എൽസി | ലിജോ<br>ട്വിങ്കിൾ | 9-11-2013 |
| മാപ്രാണം<br>റാന്നി<br>(കാഞ്ഞിരപ്പിള്ളി) | മഞ്ഞളി ഐരൂക്കാരൻ<br>കാഞ്ഞിരംകണ്ടത്തിൽ | വർഗ്ഗീസ് +ആനി<br>തങ്കരാജ്+മേരി | സൂരജ്<br>ബീന | 11-11-2013 |

# ഗുരു പറഞ്ഞ കഥ

ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവിനെ കാണാൻ പോയി. ശിഷ്യന്റെ പ്രശ്നം ചില ദുശ്ശീലത്തിൽ നിന്ന് എത്ര ശ്രമിച്ചിട്ടും മോചനം കിട്ടുന്നില്ല എന്നുള്ളതാണ്. ഗുരുവിന്റെ സന്നിധിയിൽ ശിഷ്യൻ തന്റെ ദു:ഖം ഉണർത്തിച്ചു. അതിനു മറുപടിയായി ഗുരു ഒരുപദേശവും നൽകിയില്ല. എന്നാൽ ഗുരു ഇപ്രകാരം ചെയ്തു. ശിഷ്യനെയും കൂട്ടി ഒരു വനത്തിലൂടെ യാത്രയായി. ഗുരുവും ശിഷ്യനും ഒന്നും സംസാരിക്കുന്നില്ല. കുറേദൂരം യാത്ര ചെയ്തു കഴിഞ്ഞപ്പോൾ പെട്ടെന്ന് സമനില തെറ്റിയവനെപോലെ ഗുരു മുന്നോട്ടോടി. അരികിൽ കണ്ട ഒരു മരത്തിൽ കെട്ടിപ്പിടിച്ച് അയ്യോ രക്ഷിക്കണേ.... രക്ഷിക്കണേ.... എന്നുപറഞ്ഞ് പൊട്ടിക്കരയാൻ തുടങ്ങി. ശിഷ്യൻ ഇതുകണ്ട് അമ്പരന്നു. തന്റെ ഗുരുവിന് എന്തുപറ്റി? മരത്തിൽ കെട്ടിപ്പിടിച്ച് വാവിട്ട് കരയുന്നു! ഗുരുവിന്റെ സമനില തെറ്റിയോ? ശിഷ്യൻ ഓടി ഗുരുവിന്റെ അടുത്തുചെന്ന് ഇപ്രകാരം പറഞ്ഞു. ഗുരോ, അങ്ങ് എന്തിനാണ് വാവിട്ടു കരയുന്നത്? മരമല്ല അങ്ങയെ വരിഞ്ഞു മുറുക്കിയിരിക്കുന്നത്. മറിച്ച് അങ്ങാണ് മരത്തെ കെട്ടിപ്പിടിച്ചിരിക്കുന്നത്. കൈയയച്ചാൽ അങ്ങ് സ്വതന്ത്രനാകും. അങ്ങ് മറ്റൊന്നും ചെയ്യേണ്ട ആവശ്യമില്ല.... അൽപം കഴിഞ്ഞപ്പോൾ ഗുരു മരത്തിൽ നിന്നും കൈവിട്ട് ശാന്തനായി നിലത്തിരുന്നു. പെട്ടെന്ന് സുബോധം തിരിച്ചു കിട്ടിയവനെപ്പോലെ ഗുരു ഉണർന്ന് ശിഷ്യനോട് പറഞ്ഞു: മകനെ നീ കുറച്ചു മണിക്കൂറുകൾക്കു മുമ്പ് ദുശ്ശീലത്തിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം എന്തെന്ന് ചോദിച്ചില്ലേ? എനിക്ക്, നിനക്ക് തരാനുള്ള ഉത്തരം ഇതാണ്. ഒരു ദുശ്ശീലവും നിന്നെ കെട്ടിപ്പിടിച്ചിരിക്കുകയല്ല. നീ ദുശ്ശീലത്തെ കെട്ടിപ്പിടിച്ചിരിക്കുകയാണ്. കൈയയക്കാൻ തയ്യാറായാൽ നീ സ്വതന്ത്രനാകും. ഗുരു പറഞ്ഞ സത്യം ശിഷ്യന്റെ ജീവിതത്തെ മാറ്റി മറിച്ചു. അവൻ ഒരു പുതിയ മനുഷ്യനായി.

"പ്രിയ ദൈവപൈതലേ, പുകവലി നിന്നെ പിടിച്ചിരിക്കുകയല്ല, നീ പുകവലിയെ കെട്ടി പുണർന്നിരിക്കുകയാണ്. ബോധപൂർവ്വം സ്വതന്ത്രനാവാൻ ശ്രമിക്കുക. നീ രക്ഷപ്പെടും."

**ആന്റേഴ്സൻ വിൽസൻ, അക്കരക്കാരൻ**
**മതബോധനം, Std X**

# ബൈബിൾ കലണ്ടർ : ഡിസംബർ - 2013

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>ലൂക്കാ 1:5 - 25<br>എഫേ 5:21 - 6:4<br>ഏശ 43:1 - 7,10 - 11 | **2**<br>ലൂക്കാ 1:18 - 20<br>റോമ 13:11 - 14 | **3**<br>മര്‍ക്കോ 6:7 - 13<br>2 കോറി 6:3 - 10 | **4**<br>ലൂക്കാ 1:21 - 25<br>1 കോറി 1:4 - 9 | **5**<br>മത്താ 24:45 - 51<br>ഹെബ്രാ 13:8 - 16 | **6**<br>മത്താ 13:12 - 17<br>കൊളോ 3:1 - 10 | **7**<br>മത്താ 12:14 - 21<br>കൊളോ 1:15 - 20 |
| **8**<br>ലൂക്കാ 1:26 - 38, 46 - 55<br>ഹെബ്രാ11:1 - 3;2:16 - 18<br>ജ്ഞാനം 8:1 - 10 | **9**<br>യോഹ 14:11 - 14<br>എഫേ 4:13 - 16 | **10**<br>ലൂക്കാ 10:21 - 24<br>1 തെസ 5:5 - 11 | **11**<br>മര്‍ക്കോ 3:31 - 35<br>എഫേ 1:3 - 12 | **12**<br>ലൂക്കാ 1:39 - 45<br>റോമ 12:9 - 18 | **13**<br>ലൂക്കാ 1:46 - 56<br>2 കോറി 8:11 - 15 | **14**<br>ലൂക്കാ 6:43 - 45<br>1 കോറി 5:1 - 8 |
| **15**<br>ലൂക്കാ 1:57 - 66<br>എഫേ 3:1 - 13<br>സുഭാ 13:2 - 7, 24 | **16**<br>ലൂക്കാ 16:10 - 13<br>1 തെസ 4:1 - 8 | **17**<br>ലൂക്കാ 1:67 - 79<br>ഗലാ 4:18 - 20 | **18**<br>യോഹ 14:1 - 6<br>എഫേ 2:14 - 22 | **19**<br>മര്‍ക്കോ 1:1 - 8<br>കൊളോ 1:10 - 14 | **20**<br>മത്താ 5:17 - 20<br>എഫേ 1:15 - 23 | **21**<br>യോഹ 3:22 - 30<br>2 കോറി 5:17 - 6:2 |
| **22**<br>മത്താ 1:18 - 24<br>എഫേ 5:5 - 21<br>1 സാമു 1:1 - 18 | **23**<br>യോഹ 13:31 - 35<br>കൊളോ 1:1 - 9 | **24**<br>യോഹ 1:14 - 18<br>കൊളോ 2:6 - 10 | **25**<br>ലൂക്കാ 2:1 - 20<br>ഗലാ 3:15 - 4:6<br>മിക്ക 4:1 - 3,5:2 - 5,8 - 9 | **26**<br>മത്താ 2:1 - 12<br>എഫേ 4:17 - 24 | **27**<br>യോഹ 21:20 - 24<br>റോമ 8:35 - 39 | **28**<br>മത്താ 2:13 - 18<br>ഹെബ്രാ 11:32 - 38 |
| **29**<br>മത്താ 2:1 - 12<br>ഗലാ 4:21 - 5:1<br>1 സാമു 1:21 - 28 | **30**<br>യോഹ 8:12 - 18<br>കൊളോ 3:12 - 17 | **31**<br>ലൂക്കാ 1:46 - 55<br>എഫേ 1:3 - 14 | | | | |